# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## ജില്ലാ ആഫീസ്, എറണാകുളം

ചുരുക്കപ്പട്ടിക നമ്പർ: **18/2022/DOE** സ്ഥലം: എറണാകുളം

കാറ്റഗറി നമ്പർ : 093/2022 തീയ്യതി : 19/11/20222

## വിജ്ഞാപനം

16/04/2022 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം കേരള സംസ്ഥാന സർവ്വീസിൽ എറണാകുളം ജില്ലയിൽ വനം–വന്യജീവി വകുപ്പിൽ 20,000–45,800(PR)രൂപ ശമ്പള നിരക്കിൽ **ബീറ്റ് ഫോറസ്റ്റ് ഓഫീസർ (Part II)** തസ്തികയുടെ തെരഞ്ഞെടുപ്പിനായി (**ഉപജീവനത്തിനായി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി സമൂഹത്തിലെ** യോഗ്യതയുള്ളവരും വനംവകുപ്പിൽ ദിവസവേതന അടിസ്ഥാനത്തിൽ കുറഞ്ഞത് **500 (അഞ്ഞൂറ്) ദിവസമെങ്കിലും** ജോലിചെയ്തിട്ടുള്ളവരായ ദിവസവേതനക്കാരായ **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിട്ടുള്ള 40% ഒഴിവിലേയ്ക്കുള്ള പ്രത്യേക നിയമനം)** 03/09/2022 ന് നടത്തിയ ഒഎം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ ശാരീരിക അളവെടുപ്പിനും കായികക്ഷമതാ പരീക്ഷയ്ക്കും പങ്കെടുക്കുവാൻ സോപാധികമായി അർഹരാണെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ സംഖ്യാക്രമത്തിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

**പുരുഷൻമാർ**

| | | | | | | | |
|---|---|---|---|---|---|---|---|
| 107217 | 107233 | 107284 | 107322 | 107334 | 107357 | 107358 | 107366 |
| 107369 | 107370 | 107377 | 107515 | 107517 | 107528 | 107542 | |

**സ്ത്രീകൾ**

**-ഇല്ല-**

**കുറിപ്പ് 1 :** അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് ഈ ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചവരെ മാത്രമേ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുകയുള്ളൂ.

**കുറിപ്പ് 2 :** അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. വനംവകുപ്പിൽ ദിവസവേതന അടിസ്ഥാനത്തിൽ കുറഞ്ഞത് **500 (അഞ്ഞൂറ്) ദിവസമെങ്കിലും** ജോലിചെയ്തതായി തെളിയിക്കുന്ന രേഖകൾ, ഉപജീവനത്തിനായി വനത്തെ ആശ്രയിച്ചു കഴിയുന്നു എന്നു തെളിയിക്കുന്ന രേഖകൾ എന്നിവ Upload ചെയ്ത, **പരീക്ഷ എഴുതിയ, അർഹതയുണ്ടെന്ന് അവകാശപ്പെട്ടിട്ടുളള എല്ലാ ഉദ്യോഗാർത്ഥികളെയും ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

**കുറിപ്പ് 3 :** മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുളള ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പ്, കായികക്ഷമതാപരീക്ഷ എന്നിവ നടത്തുന്ന തീയതിയും സ്ഥലവും വ്യക്തിഗത അറിയിപ്പ്/SMS/Profile Message മുഖേന അറിയിക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുളള പേര്, വിദ്യാഭ്യാസ യോഗ്യത, ജനന തീയിതി, ജാതി, വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളാണെന്നും, വനംവകുപ്പിൽ ദിവസവേതന അടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലിചെയ്തിട്ടുണ്ടെന്നും കാണിക്കുന്ന റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഫോറം-1 സാക്ഷ്യപത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ്, അപേക്ഷയിൽ അവകാശപ്പെട്ടിട്ടുളള എൻ.സി.സി/സ്പോർട്സ് മുതലായവയുടെ സർട്ടിഫിക്കറ്റുകൾ എന്നിവ കായികക്ഷമതാ പരീക്ഷ സമയത്ത് ഹാജരാക്കേണ്ടതാണ്.

**കുറിപ്പ് 4 :** ശാരീരിക അളവെടുപ്പ്, കായികക്ഷമതാപരീക്ഷ എന്നിവയിൽ വിജയിക്കുന്നതവർ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാകേണ്ടതാണ്. തുടർന്ന് ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ അർഹരായവരുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**കുറിപ്പ് 5 :** നിലവിലുള്ള നിയമപ്രകാരം ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം ഈ ഘട്ടത്തിൽ അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം നൽകുന്നതാണ്.

**കുറിപ്പ് 6 :** പ്രസ്തുത പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളിൽ ആരുടേയും ഉത്തരക്കടലാസ് അസാധുവാക്കിയിട്ടില്ല. (ഇതോടൊപ്പമുള്ള വിജ്ഞാപനം നമ്പർ ER VII (1) 3690/2022/EW dated 27/10/2022 കാണുക)

വിശ്വസ്തതയോടെ,

**ജോസ് വർഗ്ഗീസ്**
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, എറണാകുളം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ